## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1356** **03/12/2018 ൽ മറുപടിയ്ക്ക്**

**കലോത്സവങ്ങൾക്കും കായിക മേളകൾക്കുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| പ്രളയാനന്തര സാഹചര്യത്തിൽ സംഘടിപ്പിക്കുന്ന കലോത്സവങ്ങൾക്കും കായിക മേളകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഉണ്ട്.<br>ഡിസംബർ 7, 8, 9 എന്നീ തീയതികളിൽ ആലപ്പുഴയിൽ വച്ച് നടത്തുന്ന 2018-19 സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 20/10/2018 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.154/2018/പൊ.വി.വ പ്രകാരം, മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി 04/09/2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 195/2018/പൊ.വി.വ പ്രകാരം കലോത്സവം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നെങ്കിലും അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗമായി 9, 10, പ്ലസ്സ് 1, പ്ലസ്സ് 2 വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് സംസ്ഥാന സ്കൂൾ കലോത്സവം നടത്തേണ്ടത് അനിവാര്യമാകയാൽ പ്രസ്തുത ലക്ഷ്യം മുൻനിർത്തി ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി കലോത്സവ മാന്വലിലെ III, IV കാറ്റഗറിയിൽ ഉൾപ്പെടുന്ന 8, 9, 10, പ്ലസ്സ് 1, പ്ലസ്സ് 2 വിദ്യാർത്ഥികളെ മാത്രം പങ്കെടുപ്പിച്ച് കൊണ്ട് കലോത്സവം നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.<br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• കലോത്സവങ്ങൾ പരമാവധി ചെലവ് ചുരുക്കിയും, കലോത്സവത്തിൽ ഗ്രേഡിന് അർഹരാകുന്ന 9, 10, പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷയിൽ |

ഗ്രേസ് മാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തിയും നടത്തുന്നതാണ്..

- 'എ ഗ്രേഡ്' ലഭിക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന 1000 രൂപയുടെ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് ഒഴിവാക്കിയിട്ടുണ്ട്.
- സംസ്ഥാന കലോത്സവം മൂന്ന് ദിവസവും, ജില്ലാകലോത്സവം രണ്ട് ദിവസവും, സബ് ജില്ലാ കലോത്സവം ഒരു ദിവസവുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.
- 7- ാം തരം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ മത്സരങ്ങൾ ഈ വർഷം സ്കൂൾതലത്തിൽ മാത്രം നടത്തുന്നതാണ്.
- സബ്കമ്മിറ്റികളുടെ എണ്ണം പരമാവധി ചുരുക്കിയിട്ടുണ്ട്.
- ഉദ്ഘാടന - സമാപന സമ്മേളനങ്ങൾ, സ്വർണ്ണ കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കിയിട്ടുണ്ട്.
- കഥാരചന, കവിതാരചന, ചിത്രരചന തുടങ്ങിയുള്ള 51 ഇനം ഓഫ് സ്റ്റേജ് മത്സരങ്ങൾ ജില്ലാതലത്തിൽ ഏകീകൃത വിഷയത്തിന്മേൽ ഒരേ ദിവസം ഒരേ സമയത്ത് റവന്യൂജില്ലകളിൽ നടത്തി 'എ' ' ഗ്രേഡോടു കൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയ സ്ക്രിപ്റ്റ്/രചനകൾ സംസ്ഥാനതലത്തിൽ എത്തിച്ച് സംസ്ഥാന തല വിധിനിർണ്ണയം നടത്തുന്നതാണ് .
- ഉദ്ഘാടന - സമാപന സമ്മേളനങ്ങൾ. സ്വർണ്ണ കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കുവാൻ തീരുമാനിച്ചു.
- സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിക്കുക.

പ്രളയാനന്തര സാഹചര്യം കണക്കിലെടുത്ത് 2018-19 വർഷത്തെ സോണൽതല മത്സരങ്ങൾക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് 2018-19 വർഷം മാത്രം സംസ്ഥാന തല മത്സരങ്ങൾക്കുള്ള തുല്യ പദവി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ്കൂൾ കായിക മത്സരങ്ങൾ പുതുക്കിയ മാന്വൽ അനുസരിച്ച് പരമാവധി ചെലവ് കുറച്ച് നടത്തുന്നതിനും ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ വരുത്തി പരമാവധി ചെലവ് കുറച്ച് സംസ്ഥാന സ്കൂൾ കായിക മത്സരങ്ങൾ പൂർത്തിയാക്കി വരുന്നു.

- എല്ലാ മത്സരങ്ങൾക്കും ആഘോഷങ്ങളും ഉദ്ഘാടന , സമാപന ചടങ്ങുകളും ഒഴിവാക്കുകയുണ്ടായി.
- വിജയികൾക്ക് നൽകി വന്നിരുന്ന മെഡൽ, പ്രൈസ് മണി, ട്രോഫികൾ, സ്വർണ്ണ പതക്കം എന്നിവ ഒഴിവാക്കുകയുണ്ടായി.
- മത്സരങ്ങളുടെ നടത്തിപ്പുകാരായ ഒഫിഷ്യൽസിന് നൽകി വന്നിരുന്ന പ്രതിഫല തുക ഈ വർഷം നൽകുകയുണ്ടായില്ല.
- സംസ്ഥാന തല മത്സരങ്ങളിൽ ജില്ലയിൽ നിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം മൂന്നിൽ നിന്നും രണ്ടായി ചുരുക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ